"പഴം, പച്ചക്കറി രംഗത്ത് കേരളം സ്വയംപര്യാപ്തമാക്കാനുള്ള പ്രവർത്തനങ്ങൾ"

130 [2748] ശ്രീ. പി. കെ. കെ. ബാവ:
,, സി. മമ്മൂട്ടി:
,, സി. മോയിൻകുട്ടി:
,, കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പഴം, പച്ചക്കറി എന്നിവയ്ക്കു സ്വയംപര്യാപ്തത ലക്ഷ്യമിട്ട് കൃഷിവകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഈ പദ്ധതി എന്നാണ് തുടങ്ങിയത്;

(ബി) ഇപ്പോൾ ഈ പദ്ധതി അനുസരിച്ച് എത്രമാത്രം പഴം, പച്ചക്കറി എന്നിവ ലഭിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലമായി വർഷംപ്രതി എന്തു വർദ്ധനവാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പഴം, പച്ചക്കറി മേഖലയിൽ എന്നേക്ക് സ്വയംപര്യാപ്തത നേടാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പഴം, പച്ചക്കറികളുടെ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (വി. എഫ്. പി. സി. കെ.) പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കേരള ഹോർട്ടികൾച്ചർ ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ തുടർസംവിധാനമായി കമ്പനി നിയമപ്രകാരം ഈ സ്ഥാപനം 2001-ൽ ആണ് രൂപം കൊണ്ടത്.

(ബി) വി. എഫ്. പി. സി. കെ.-യുടെ പദ്ധതി പ്രകാരം 2004-2005 വർഷത്തിൽ നാളിതുവരെ 8.68 ലക്ഷം ടൺ പഴം, പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2003-04-ൽ 5.83 ലക്ഷം ടൺ ആയിരുന്ന പഴം, പച്ചക്കറി ഉൽപ്പാദനം 2004-05-ൽ 8.68 ലക്ഷം ടൺ ആയി ഉയർന്നിട്ടുണ്ട്.

(ഡി) ഈ ലക്ഷ്യം കുറഞ്ഞത് 6 വർഷംകൊണ്ട് കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly